തിരുവനന്തപുരം	885.26 ഹെക്ടർ
കാസർകോട്	662.90 ഹെക്ടർ
കണ്ണൂർ	491.26 ഹെക്ടർ
കോട്ടയം	273.72 ഹെക്ടർ
തൃശ്ശൂർ	80.04 ഹെക്ടർ
ആകെ	14910.63 ഹെക്ടർ

ഇതിൽ 319 ഹെക്ടർ ഭൂമി ഇ.എഫ്.എൽ. പരിധിയിൽ നിന്നും ഒഴിവാക്കിയിട്ടുണ്ട്. വില്ലേജ് തിരിച്ചുള്ള ലിസ്റ്റ് അനുബന്ധമായി ചേർക്കുന്നു.*

വനം വകുപ്പിലെ സ്പെഷ്യൽ റൂൾ ഭേദഗതി

314 (2189) ശ്രീ. കെ. അജിത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വനം വകുപ്പിലെ സ്പെഷ്യൽ റൂൾ ഭേദഗതി ചെയ്ത് ഉത്തരവിറക്കിയത് എന്നുമുതലാണെന്നും ഏതു തീയതി മുതലാണ് ഈ ഭേദഗതിക്ക് പ്രാബല്യം ഉണ്ടായിരുന്നതെന്നും വ്യക്തമാക്കാമോ ;

(ബി) പ്രസ്തുത റൂൾ ഭേദഗതിക്ക് നിയമസഭാ വനം പരിസ്ഥിതി സബ്ജക്ട് കമ്മിറ്റി അംഗീകാരം നൽകിയതായി അറിയാമോ ; എങ്കിൽ എന്നുമുതലാണെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) 2010-ലെ കേരള ഫോറസ്റ്റ് സർവ്വീസ് സ്പെഷ്യൽ റൂൾസ് സ.ഉ(പി) നമ്പർ 80/2014/വനം തീയതി 10-9-2014 (SRO നമ്പർ 571/2014) പ്രകാരം ഭേദഗതി 23-9-2014-ലെ 2328 നമ്പർ അസാധാരണ ഗസറ്റിൽ വിജ്ഞാപനം ചെയ്തിട്ടുണ്ട്. 2010-ലെ കേരള ഫോറസ്റ്റ് സബോർഡിനേറ്റ് സർവ്വീസ് സ്പെഷ്യൽ റൂൾസ് സ.ഉ.(പി) നമ്പർ 84/2014/നമ്പർ തീയതി 20-9-2014 (SRO No.574/2014) പ്രകാരം ഭേദഗതി വരുത്തി 23-9-2014-ലെ 2336 നമ്പർ അസാധാരണ ഗസറ്റിൽ വിജ്ഞാപനം ചെയ്തിട്ടുണ്ട്. വനം വകുപ്പിലെ സ്പെഷ്യൽ റൂൾ ഭേദഗതി ചെയ്ത സർക്കാർ ഉത്തരവ് തീയതി മുതൽ ഭേദഗതി പ്രാബല്യമുണ്ട്.

(ബി) കേരള ഫോറസ്റ്റ് സർവ്വീസ് സ്പെഷ്യൽ റൂളിന്റെ ഭേദഗതിക്ക് സബ്ജക്ട് കമ്മിറ്റി അംഗീകാരം നൽകിയിട്ടുണ്ട്. 3-7-2013-ൽ കൂടിയ സമിതിയോഗമാണ് അംഗീകാരം നൽകിയത്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly